# പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

2007 മാർച്ച് 6-ാം തീയതി ചൊവ്വാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ

[ആകെ ചോദ്യങ്ങൾ-30]

31. മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ
32. ടൂറിസം മേഖലയിലെ ഉത്തരവാദിത്വങ്ങൾ
33. ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ
34. മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം
35. ടൂറിസം ബോട്ടുകളുടെ സുരക്ഷ
36. സർക്കാരിന്റെ ടൂറിസം നയം
37. തോക്ക് ലൈസൻസ്
38. മരാമത്ത് പണികൾ പൂർത്തിയാക്കാൻ നടപടി
39. വിചാരണ തടവുകാർ
40. കേന്ദ്ര റോഡ് വികസന പദ്ധതി
41. ജയിൽ മാന്വൽ
42. തീവ്രവാദം തടയുന്നതിന് നടപടി
43. ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി
44. ജയിലുകളിലെ ആഹാരവിതരണം
45. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള പീഡനം
46. കെ. എസ്. ടി. പി. പദ്ധതിയുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ
47. കലാപ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കാൻ നടപടി
48. പരസ്യ ബോർഡുകൾ സൃഷ്ടിക്കുന്ന ഗതാഗത തടസ്സം
49. കാപക്സ് ഭരണസമിതി
50. ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ
51. സൈബർ കുറ്റകൃത്യങ്ങൾ
52. മത്സ്യവില്പനയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് പലിശരഹിത വായ്പ
53. സർക്കാറിന്റെ മദ്യനയം
54. ശിക്ഷാകാലാവധി കഴിഞ്ഞ ജയിലിലെ തടവുകാർ
55. എം.സി.റോഡ് പണിയുടെ പുരോഗതി
56. കള്ളപ്പണവും കള്ളനോട്ടും
57. ജയിലിലെ അഴിമതി
58. ചാരായ നിരോധനം പിൻവലിക്കൽ
59. ടൂറിസം പദ്ധതികൾ
60. കൊല ചെയ്യപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാർ

## മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ

*31 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, പി. വിശ്വൻ
,, ആർ. സെൽവരാജ്
,, എം. കെ. പുരുഷോത്തമൻ
,, പി.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഫിഷറീസും റജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ ഏതാനും വർഷങ്ങളായി വിതരണം ചെയ്യുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം വിഭാഗങ്ങളിലെ അപേക്ഷകർക്കുള്ള ആനുകൂല്യങ്ങളാണ് മുടങ്ങിക്കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് മുടങ്ങിക്കിടക്കുന്നത് ;ഇവ അടിയന്തിരമായി വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

**ഉത്തരം : ശ്രീ. എസ്. ശർമ്മ**
**(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കിവരുന്ന താഴെപ്പറയുന്ന വിവിധ ക്ഷേമപദ്ധതികൾക്കായി സമർപ്പിച്ച അപേക്ഷകളിലാണ് ആനുകൂല്യം മുടങ്ങി കിടക്കുന്നത്.

1) വിവാഹധനസഹായ പദ്ധതി (1-7-2004 മുതലുള്ള കുടിശ്ശിക)
2) ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം
3) താൽക്കാലിക അവശത
4) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം
5) കുടംബ സംവിധാന പദ്ധതി
6) മാരകരോഗ ചികിത്സാ പദ്ധതി
7) പ്രസവ ശുശ്രൂഷ

(2 മുതൽ 7 വരെ: 2005 സെപ്തംബർ മാസം മുതൽ കുടിശ്ശിക)

8) വാർദ്ധക്യകാല പെൻഷൻ/ വിധവാ പെൻഷൻ (2006 ആഗസ്റ്റ് മുതൽ 2007 ജനുവരി വരെ 6 മാസം പെൻഷൻ കുടിശ്ശിക)

(സി) മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളിൽ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, ഇൻഷ്വറൻസ് ധനസഹായം എന്നിവ ഒഴികെ 2.1 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് മുടങ്ങിക്കിടക്കുന്നത്. 2007 മാർച്ച് 1, 2, 3 തീയതികളിൽ മത്സ്യബോർഡിന്റെ 54 ഫിഷറീസ് ഓഫീസുകൾ മുഖേന ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്.

## ടൂറിസം മേഖലയിലെ ഉത്തരവാദിത്വങ്ങൾ

*32 ശ്രീ. വി.ചെന്താമരാക്ഷൻ
ശ്രീ. കെ.കെ.ദിവാകരൻ
,, സൈമൻ ബ്രിട്ടോ റോഡ്രിഗ്സ്
,, ബി.ഡി. ദേവസ്സി
,, എ.സി. മൊയ്തീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക, സാമൂഹ്യ, സാംസ്ക്കാരിക രംഗങ്ങളിൽ ടൂറിസം മേഖലയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ടൂറിസവുമായി ബന്ധപ്പെട്ട് ഈ മേഖലകളിൽ ഓരോന്നിന്റെയും പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ എന്താണെന്ന് പരിശോധിക്കാൻ ഈ സർക്കാർ എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) റെസ്പോൺസിബിൾ ടൂറിസം പ്രക്രിയ മുന്നോട്ടു കൊണ്ടുപോകാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ജന പ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സാംസ്കാരിക സമിതികൾ, ടൂറിസം സംരംഭകർ തുടങ്ങിയവരെയെല്ലാം ഈ രംഗത്ത് ഏതു നിലയിൽ സഹകരിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) & (ബി) ഉത്തരവാദിത്ത ടൂറിസം എന്ന ആശയം കേരള ടൂറിസം രംഗത്ത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് 2007 ഫെബ്രുവരി 2,3 തീയതികളിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് ടൂറിസം സംരംഭകരും ജനപ്രതിനിധികളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും, സാംസ്കാരിക പ്രതിനിധികളും പത്രമാധ്യമ പ്രതിനിധികളും, ഉദ്യോഗസ്ഥരും പങ്കെടുത്ത ഒരു വർക്ക്ഷോപ്പ് വളരെ വിജയകരമായി നടത്തി. അതിനു ശേഷം ഈ വിഷയത്തിൽ ആഴത്തിലുള്ള പഠനത്തിനും മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഈ ടാസ്ക് ഫോഴ്സ് ആയിരിക്കും ഉത്തരവാദിത്ത ടൂറിസം പ്രാവർത്തികമാക്കുന്നതിനുള്ള ഭാവി പരിപാടികൾ നിർദ്ദേശിക്കുന്നത്. 2007 സെപ്തംബറിൽ ഈ വിഷയത്തിൽ ഒരു അന്താരാഷ്ട്ര സമ്മേളനം കേരളത്തിൽ വെച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഇല്ല. കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തി വരികയാണ്.

(ഡി) ഏതൊക്കെ രീതിയിൽ സഹകരിപ്പിക്കാനാവുമെന്നതിനെപ്പറ്റിയുള്ള വിശദമായ കാഴ്ചപ്പാട് ടാസ്ക് ഫോഴ്സിന്റെ ശുപാർശയ്ക്ക് ശേഷമേ തീരുമാനിക്കാനാവൂ.

## ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ

*33 ശ്രീ. സാജുപോൾ.
ശ്രീ. എം.ജെ. ജേക്കബ്
' കെ.സി.രാജഗോപാലൻ.
' വി.ജെ. തങ്കപ്പൻ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ ക്രമക്കേടുകളും ബിനാമി പേരിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതും അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ 'ഇമേജ് പ്രിന്റർ' എന്ന പുതിയ സംവിധാനം ഉപയോഗിച്ച് ആധാരപകർപ്പുകൾ നൽകുന്നതിന്റെ 'പൈലറ്റ് പദ്ധതി'യുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇമേജ് പ്രിന്റർ ഉപയോഗിച്ച് ഇതിനകം എത്ര ആധാര പകർപ്പുകൾ എടുത്തു;

(ഡി) പകർപ്പ് എടുത്ത് നൽകുന്നതിന് എന്ത് തുകയാണ് ഈടാക്കുന്നത്;

(ഇ) ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(എഫ്) പദ്ധതി മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിലും വൈകാതെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ. എസ്. ശർമ്മ**
**(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ ക്രമക്കേടുകളും ബിനാമി പേരിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതും അവസാനിപ്പിക്കുന്നതിലേക്കായി ആധാരം രജിസ്ട്രേഷനായി ഹാജരാക്കുന്ന ആളുടെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതുകൈ പെരുവിരൽ പതിപ്പും ആധാരത്തിൽ പതിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടും കൂടാതെ രജിസ്റ്ററിംഗ് ആഫീസർ മുൻപാകെ രജിസ്ട്രേഷനായി ഹാജരാകുന്ന കക്ഷികളെ തിരിച്ചറിയുന്നതിലേക്കായി സർക്കാരോ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള അധികാരസ്ഥാനമോ നൽകിയിട്ടുള്ള ഇലക്ടറൽ ഐഡന്റിറ്റി കാർഡ്, പാൻ കാർഡ്, പാസ്പോർട്ട്, റേഷൻ കാർഡ് തുടങ്ങിയ ഏതെങ്കിലും രേഖ ഹാജരാക്കുവാൻ വ്യവസ്ഥ ചെയ്തുകൊണ്ടും രജിസ്ട്രേഷൻ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള സർക്കാർ നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഉണ്ട്. പൈലറ്റ് പദ്ധതി പൂർണവിജയകരമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(സി) 25-11-2006 മുതൽ നാളിതുവരെയായി 982 പകർപ്പുകൾ എടുത്തിട്ടുണ്ട്.

(ഡി) നൂറ് വാക്കിന് 4 രൂപ ഈടാക്കിവരുന്നുണ്ട്. ഡിജിറ്റൽ ഇമേജ് പ്രിന്റർ മുഖേന എടുക്കുന്ന പകർപ്പിന് മുൻഗണനാഫീസ് ഒഴിവാക്കിയിട്ടുണ്ട്.

(ഇ) എറണാകുളം സബ് രജിസ്ട്രാർ ഓഫീസിൽ മാത്രമേ പദ്ധതി നടപ്പിലാക്കിയിട്ടുള്ളൂ.

(എഫ്) നടപടി സ്വീകരിക്കും.

## മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം

*34 ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി.
,, എം.ഉമ്മർ.
,, അബ്ദുറഹിമാൻ രണ്ടത്താണി.
,, കെ.മുഹമ്മദുണ്ണി ഹാജി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തികബുദ്ധിമുട്ട് മൂലം മത്സ്യത്തൊഴിലാളികൾ ആത്മഹത്യ ചെയ്യുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇവരുടെ കുടുംബങ്ങൾക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് അനുവദിച്ച തെന്ന് വിശദമാക്കാമോ;

(സി) ഇവരുടെ കടങ്ങൾ എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ;

(ഡി) സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മത്സ്യത്തൊഴിലാളി - കടാശ്വാസനിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം : ശ്രീ. എസ്. ശർമ്മ**
**(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) സാമ്പത്തിക ബുദ്ധിമുട്ടുമൂലം മത്സ്യത്തൊഴിലാളികൾ ആത്മഹത്യചെയ്തതായി ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) 2006 ജൂൺ 15 മുതൽ ആഗസ്റ്റ് 15 വരെയുള്ള ട്രോളിംഗ് നിരോധന കാലയളവിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിച്ചിരുന്ന 54208 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ചിരുന്നു.

(ഇ) കടബാദ്ധ്യത മൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കുന്ന തിനായി ഒരു മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനെ നിയമിക്കുവാനുള്ള കരട് ബിൽ നടപ്പു നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്നു.

## ടൂറിസം ബോട്ടുകളുടെ സുരക്ഷ

*35 ശ്രീ. കെ. സുധാകരൻ
ശ്രീ. അടൂർ പ്രകാശ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്ന ബോട്ടുകളുടെ സുരക്ഷിതത്വമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ ബോട്ടുകളുടെ ഉപയോഗം നിർത്തലാക്കാനും വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

### ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ
### (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)

(എ) സുരക്ഷിതത്വമില്ലായ്മ പരിശോധിക്കേണ്ടതിന്റെ നിയമപരമായ ഉത്തരവാദിത്തം ഇറിഗേഷൻ വകുപ്പിന്റേതാണ്. എന്നിരുന്നാലും തട്ടേക്കാട് ബോട്ടുദുരന്തത്തോടനുബന്ധിച്ചു നടന്ന വിവിധ പരിശോധനകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടൂറിസം കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്ന പല ബോട്ടുകളും സുരക്ഷിതത്വപരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടൂറിസം കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്ന ബോട്ടുകളുടെ സുരക്ഷിതത്വമില്ലായ്മ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സുരക്ഷിതത്വം ഉറപ്പാക്കിയതും നിയമം അനുശാസിക്കുന്ന ലൈസൻസുകൾ കൈവശമുള്ളതുമായ ബോട്ടുകൾ മാത്രമേ ഉപയോഗിക്കുന്നുള്ളവെന്ന് ഉറപ്പു വരുത്തണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി. റ്റി. പി. സി., കെ. റ്റി. ഡി. സി., ബി. ആർ. ഡി. സി. തുടങ്ങിയ ഏജൻസികൾ നടത്തുന്ന ബോട്ടുകളിൽ ലൈസൻസില്ലാത്തവയോ വേണ്ടത്ര സുരക്ഷിതത്വം ഉറപ്പു വരുത്താത്തവയോ സർവ്വീസ് നടത്തുന്നുണ്ടെങ്കിൽ അവ നിർത്തി വയ്ക്കണമെന്നും ഇവ പ്രാപ്യമാക്കിയതിനു ശേഷം മാത്രമേ സർവ്വീസ് പുനരാരംഭിക്കാൻ പാടുള്ളുവെന്നും ടൂറിസം ഡയറക്ടർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർക്കാരിന്റെ ടൂറിസം നയം

*36 ശ്രീ. വി. ശിവൻകുട്ടി
ശ്രീ.എ.എം.ആരിഫ്
ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
ശ്രീ. വി. ശശികുമാർ
ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ടൂറിസം നയം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഈ വർഷം ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വീശദവിവരം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വലുതും ചെറുതുമായ ടൂറിസ്റ്റു കേന്ദ്രങ്ങൾ സന്ദർശിക്കാൻ വിദേശ ടൂറിസ്റ്റുകൾക്ക് സൗകര്യമൊരുക്കുന്നതിന് പ്രത്യേക പദ്ധതി ആസൂത്രണം ചെയ്യുമോ;

(ഇ) ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) കേരളത്തിന്റെ സാംസ്കാരിക പൈതൃകവും പരിസ്ഥിതിയും സംരക്ഷിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടും ഇവിടുത്തെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഉൽപാദനവും വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിച്ചുകൊണ്ടും അതുവഴി ദാരിദ്ര്യ നിർമാർജ്ജനത്തിന് വഴിയൊരുക്കിയും നാടിന്റെ നാനാമുഖമായ പുരോഗതിക്കും ടൂറിസം ഏറ്റവും പ്രധാന മേഖലയായി തീരുംവിധം കേരളത്തെ ലോകസഞ്ചാരികളിൽ ഉയർന്ന ഗുണമേന്മ കാംക്ഷിക്കുന്നവർക്കുതകുന്ന മികച്ച വിനോദ സഞ്ചാരകേന്ദ്രമാക്കി മാറ്റുക എന്നതാണ് ഉദ്ദേശിക്കുന്നത്.

(ബി) വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്തേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി വിദേശത്തുവച്ചു നടക്കുന്ന ട്രാവൽ മാർട്ടുകളിൽ പങ്കെടുക്കുകയും അതുവഴി കേരളത്തിന്റെ വിനോദസഞ്ചാര മേഖലയെക്കുറിച്ച് വിദേശികൾക്ക് വിശദാംശം നൽകുകയും ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തു വരുന്നു. കൂടാതെ ചില വിദേശ ട്രാവൽ മാർട്ടുകളിൽ വിനോദസഞ്ചാര വകുപ്പ് തദ്ദേശത്തെ പ്രമുഖരായ ടൂർ ഓപ്പറേറ്റർമാരെയും ട്രാവൽ ഏജന്റുമാരെയും ക്ഷണിച്ച് അവർക്ക് കേരളത്തെക്കുറിച്ച് ഒരു അവബോധം വളർത്തുന്നതിനുവേണ്ടി റോഡ്ഷോ സംഘടിപ്പിക്കാറുണ്ട്. പ്രമുഖ വിദേശ പത്ര മാധ്യമങ്ങളിലും ടെലിവിഷൻ ചാനലുകളിലും വകുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കേരളത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ദൃശ്യങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. കൂടാതെ, ഇന്റർനെറ്റിലും വിനോദസഞ്ചാര വകുപ്പ് കേരളത്തെക്കുറിച്ചുള്ള പരസ്യം നൽകിയിട്ടുണ്ട്. അന്തർദേശീയ തലത്തിൽ സുപ്രസിദ്ധരായ മാധ്യമപ്രവർത്തകരെ കേരളത്തിലേക്ക് ക്ഷണിച്ചുവരുത്തി വകുപ്പിന്റെ അതിഥിയായി താമസിപ്പിച്ച് കേരളത്തിലെ ടൂറിസം പ്രാധാന്യം മനസ്സിലാക്കുന്നതിനും അതുവഴി കേരളത്തെക്കുറിച്ച് വിദേശരാജ്യങ്ങളിൽ പ്രചാരണം നടത്താനും കഴിയുന്നുണ്ട്. വകുപ്പിന്റെ ഈ വിധ പ്രവർത്തനം മൂലം സംസ്ഥാനത്തേക്ക് വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന് കഴിയുന്നുണ്ട്.

(സി) ഉണ്ട്. 2006 വർഷത്തിൽ 4,28,534 വിദേശ ടൂറിസ്റ്റുകളാണ് കേരളം സന്ദർശിച്ചത്. ഇത് 2005 നേക്കാൾ 23.67% വർദ്ധനവാണ് രേഖപ്പെടുത്തുന്നത്. 2006 വർഷത്തിൽ 62,71,724 തദ്ദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചതായി കണക്കാക്കുന്നു. ഇത് 2005 -നേക്കാൾ 5.41% കൂടുതലാണ്..

(ഡി) വിദേശ ടൂറിസ്റ്റുകൾക്കായി സൗകര്യം ഒരുക്കുന്നതിന് പ്രത്യേക പദ്ധതി ആസുത്രണം ചെയ്യുവാൻ ഉദ്ദേശിച്ചിട്ടില്ല. ടൂറിസം കേന്ദ്രങ്ങളിലൊരുക്കുന്ന സൗകര്യങ്ങൾ തദ്ദേശ ടൂറിസ്റ്റുകൾക്കും വിദേശടൂറിസ്റ്റുകൾക്കും ഒരുപോലെ ഗുണകരമാകേണ്ട താണ്. ഇതിനായി ടൂറിസം കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ചെറുതും വലുതുമായ ടൂറിസ്റ്റു കേന്ദ്രങ്ങളെ കണ്ടെത്തി അവിടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതു വഴി ടൂറിസം സംരംഭകരെ ഈ കേന്ദ്രങ്ങളിലേക്കാകർഷിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ടൂറിസ്റ്റുകൾക്ക് താമസ സൗകര്യം ഒരുക്കുന്നത് പ്രധാനമായും സ്വകാര്യ സംരംഭകരാണ്. സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും ഇലക്ട്രിസിറ്റി താരിഫിൽ ഇളവും ഗൈഡൻസ് മാർക്കറ്റിംഗ് സഹായവും ടൂറിസം വകുപ്പ് നൽകുന്നുണ്ട്. കൂടാതെ, പൊതുമേഖലാ സംരംഭമായ കെ.റ്റി.ഡി. സി. ടൂറിസ്റ്റുകൾക്ക് ഉന്നത നിലവാരമുള്ള താമസസൗകര്യങ്ങൾ നൽകി വരുന്നുണ്ട്. എറണാകുളത്ത് ടൂറിസം വകുപ്പ് പണി തീർത്ത് ഗസ്റ്റ് ഹൗസിന്റെ 50%മുറികൾ ടൂറിസ്റ്റുകൾക്ക് നേരിട്ടു നൽകുന്നതിനുള്ള തീരുമാനവും എടുത്തിട്ടുണ്ട്.

## തോക്ക് ലൈസൻസ്

*37 ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
പ്രൊഫ: കെ.വി. തോമസ്
ശ്രീ. കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യക്തികൾക്ക് തോക്ക് കൈവശം വയ്ക്കുന്നതിനുള്ള ലൈസൻസ് നല്കുന്ന അധികാരി ആരാണ് ;

(ബി) ഇത്തരം ലൈസൻസുകൾ പുതുക്കുന്നതിന് അപേക്ഷ നൽകുമ്പോൾ തോക്കിനോടൊപ്പം വെടിയുണ്ടകളും പരിശോധനയ്ക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(സി) ഇതിന് വിരുദ്ധമായി ലൈസൻസ് നല്കിയ ഏതെങ്കിലും സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കുമോ ?

### ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ
### (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)

(എ) കൈവശം സൂക്ഷിക്കുന്ന ആയുധത്തിന്റെ സ്വഭാവം അനുസരിച്ച് കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, ജില്ലാ മജിസ്ട്രേറ്റ് എന്നീ അധികാരികളാണ് ആയുധ ലൈസൻസ് നൽകുന്നതും പുതുക്കുന്നതും.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

## മരാമത്ത് പണികൾ പൂർത്തിയാക്കാൻ നടപടി

*38 ശ്രീ. എ. കെ. ചന്ദ്രൻ
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
,, പി. തിലോത്തമൻ
,, കെ. രാജു
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ചെറുതും വലുതുമായ ജോലികൾ ചെയ്യുന്നതിന് കരാറിലേർപ്പെട്ട എത്ര കരാറുകാർ ആ ജോലികൾ യഥാസമയം ചെയ്യാതെ ഉപേക്ഷിച്ചുപോയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കരാറിൽ ഏർപ്പെട്ടിട്ടും യഥാസമയം ചെയ്തുതീർക്കാതെയിട്ടിരിക്കുന്ന എത്ര പണികൾ ഇപ്പോഴുണ്ട്;

(സി) ഇത്തരം ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം : ശ്രീ. ടി.യു. കുരുവിള**
**(മരാമത്ത് വകുപ്പു മന്ത്രി)**

(എ) 57 കരാറുകൾ

(ബി) 46 പണികൾ

(സി) ഇത്തരം പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകൾ റദ്ദ് ചെയ്ത് പുനർ ടെണ്ടർ നടത്തി പണികൾ പൂർത്തീകരിക്കുന്നതിനും കൂടാതെ എഗ്രിമെന്റ് വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികളും എടുത്തുവരുന്നുണ്ട്.

## വിചാരണ തടവുകാർ

*39 ശ്രീ. സി. ടി. അഹമ്മദ് അലി
,, എം. ഉമ്മർ
,, പി.കെ. അബ്ദു റബ്ബ്
,, വി.കെ. ഇബ്രാഹിം കുഞ്ഞ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിചാരണ തടവുകാരെ യഥാസമയം കോടതിയിൽ ഹാജരാക്കാത്ത നടപടിയെ ഹൈക്കോടതി വിമർശിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ശിക്ഷാകാലയളവിന്റെ പകുതിയിലേറെക്കാലം ജയിലുകളിൽ കഴിഞ്ഞ തടവുകാരെ യഥാസമയം ഹാജരാക്കത്തതിന്റെ പേരിൽ നടപടി സ്വീകരിക്കുവാൻ കോടതി നിർദ്ദേശിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) & (ബി) ഉണ്ടായി. ക്രിമിനൽ എം. സി. 3179/98 ന്റെ 2.11.2006 ലെ ജഡ്ജ്മെന്റ് പ്രകാരം കേരളത്തിലെ ജയിലുകളിൽ, ക്രിമിനൽ നടപടി ചട്ടം 436 എയുടെ പരിധിയിൽ വരുന്ന വിചാരണത്തടവുകാരെ ബന്ധപ്പെട്ട കോടതികളിൽ എത്രയുംവേഗം ഹാജരാക്കി വിടുതൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുപ്രകാരം മുകളിൽ പറഞ്ഞിരിക്കുന്ന ചട്ടത്തിന്റെ പരിധിയിൽ വരുന്ന വിചാരണത്തടവുകാരെ കോടതിയിൽ ഹാജരാക്കുകയും അർഹരായവരെ മോചിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് ഹൈക്കോടതിയുടെ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

## കേന്ദ്ര റോഡ് വികസന പദ്ധതി

*40 ശ്രീ. കെ. ടി. ജലീൽ
ശ്രീ. ബാബു. എം. പാലിശ്ശേരി
,, വി. ചെന്താമരാക്ഷൻ
,, എം. ജെ. ജേക്കബ്ബ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) കേന്ദ്ര റോഡ് വികസന ഫണ്ടിൽ നിന്നും 2005-2006 വരെ കേരളത്തിന് ലഭിക്കുമായിരുന്ന തുക മുൻസർക്കാർ പദ്ധതികൾ സമർപ്പിക്കാതിരുന്നതുമൂലം നഷ്ടപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഇനത്തിൽ എന്തു തുക നഷ്ടമായതായാണ് കണക്കാക്കിയിട്ടുള്ളത്;

(സി) നഷ്ടപ്പെട്ട തുക അടക്കം അർഹമായ തുക നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഏതെല്ലാം പദ്ധതികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

**ഉത്തരം : ശ്രീ. ടി.യു. കുരുവിള**
**(മരാമത്ത് വകുപ്പു മന്ത്രി)**

(എ) കേന്ദ്ര റോഡ് വികസന ഫണ്ടിൽ നിന്നും ദേശീയ പാതാ വികസനത്തിനായി ലഭിക്കേണ്ടത് ഏകദേശം 715 കോടി രൂപയാണ്. ദേശീയ പാതാ വികസനം നാഷണൽ ഹൈവേ ഡവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കേന്ദ്ര ഏജൻസിയായ NHAI ആണ് നടപ്പിലാക്കുന്നത്. NH-47, NH- 17 എന്നിവയുടെയും കൊച്ചിൻ പോർട്ട് കണക്ടിവിറ്റി എന്നീ വിവിധ പദ്ധതികൾക്കായി ഉദ്ദേശം 400 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പ്രസ്തുത വികസന ഫണ്ടിൽ നിന്നും സംസ്ഥാന റോഡുകളുടെ വികസനത്തിനും സംരക്ഷണത്തിനുമായി 2005-2006 വരെ ലഭിക്കേണ്ട 373 കോടി രൂപയിൽ ഇതു വരെ 224.55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര റോഡ് വികസന ഫണ്ടിൽ നിന്നും ഗ്രാമീണ റോഡുകളുടെ വികസനത്തിനായി സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം ഇതിനു പുറമേയാണ്. ഗ്രാമീണ റോഡുകളുടെ വികസനം നടപ്പിലാക്കുന്നത് ഗ്രാമ വികസന വകുപ്പാണ്. സംസ്ഥാന റോഡ് വികസനത്തിനായി വകയിരുത്തിയ 224.55 കോടി രൂപയിൽ 183.79 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിക്കുകയും ബാക്കി തുകയ്ക്കുള്ള പദ്ധതികൾ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) & (സി) സംസ്ഥാന റോഡുകളുടെ വികസനത്തെ സംബന്ധിച്ചിടത്തോളം ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ചൊവ്വ മുതൽ കൂത്തുപറമ്പു വരെയുള്ള റോഡിന്റെയും പാലക്കാട് മുതൽ പൊള്ളാച്ചി വരെയുള്ള റോഡിന്റെയും കല്ലുവാതുക്കൽ ജംഗ്ഷൻ ഇംപ്രൂവ്മെന്റിനുള്ള ശുപാർശകളും കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തിട്ടുണ്ട്.

## ജയിൽ മാന്വൽ

*41 ശ്രീ. എ.സി. മൊയ്തീൻ
ശ്രീ. പി. ജയരാജൻ
,, കെ.വി.കുഞ്ഞിരാമൻ
,, സി.കെ.പി.പത്മനാഭൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരള ജയിൽ മാന്വൽ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പരോൾ അനുവദിക്കുന്ന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ ജയിലുകൾ നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ഇ) മനുഷ്യാവകാശ സംരക്ഷണം ഉറപ്പുവരുത്തി ചട്ടങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. 6/12/2007-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരളാ പ്രിസൺ ആക്ട് പരിഷ്ക്കരിക്കുവാൻ തീരുമാനിക്കുകയും ഇതിനായി തൃശൂർ മദ്ധ്യമേഖല ജയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്

(സി) കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. വരുത്താവുന്ന മാറ്റങ്ങളെക്കുറിച്ച് സർക്കാർ പഠിച്ചു വരുന്നു.

(ഡി) ഉണ്ട്. ജയിൽ നവീകരണ പദ്ധതിയുടെ ഭാഗമായി ഡ്രെയിനേജ് സംവിധാനം, ടോയ്ലറ്റ് സംവിധാനം എന്നിവ വിപുലമാക്കിയിട്ടുണ്ട്. ടോയ്ലറ്റുകൾ വൃത്തിയാക്കുന്നതിനായി മേൽത്തരം ലോഷനുകൾ അനുവദിച്ചുവരുന്നു. പകർച്ചവ്യാധികൾ തടയുന്നതിനായി സംരംഭങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്കുകൾ, സെല്ലുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി വരുന്നു. ബ്ലോക്കുകളുടെ തറ ഓടുകൾ പാകി വൃത്തിയാക്കുന്നതിനുള്ള സംരംഭം പരിഗണനയിലുണ്ട്. എല്ലാ ബ്ലോക്കുകളിലും സെല്ലുകളിലും ഫാനുകൾ ഘടിപ്പിച്ചു വരുന്നു. ശുദ്ധവായുപ്രവാഹം സുഗമമാക്കുവാൻ എക്സോസ്റ്റ് ഫാനുകൾ ഘടിപ്പിക്കുവാനുള്ള സംരംഭവും പരിഗണനയിലുണ്ട്. ആഹാരപദാർത്ഥങ്ങൾ ബ്ലോക്കുകളിലും സെല്ലുകളിലും എത്തിക്കുവാൻ വേണ്ടി ട്രോളി സമ്പ്രദായം ആക്കുവാൻ ആലോചിച്ചുവരുന്നു. മെച്ചപ്പെട്ട ചികിത്സാസൗകര്യവും തടവുകാർക്ക് ചട്ടപ്രകാരം നൽകിവരുന്നുണ്ട്. തടവുകാരുടെ ബാഹുല്യം പരിഹരിക്കുന്നതിനായി പുതിയ ജയിലുകളും നിലവിലുള്ള ജയിലുകളിൽ പുതിയ ബ്ലോക്കുകളും നിർമ്മിച്ചുവരുന്നു.

(ഇ) സ്വീകരിക്കാവുന്നതാണ്.

## തീവ്രവാദം തടയുന്നതിന് നടപടി

*42 ശ്രീ. എം.കെ. പുരുഷോത്തമൻ
ശ്രീ. അൽഫോൺസ് കണ്ണന്താനം
,, സി.എം. ദിനേശ് മണി
,, കുഞ്ഞമ്മത് മാസ്റ്റർ
,, മുരളി പെരുനെല്ലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തീരദേശങ്ങൾ വഴി തീവ്രവാദികൾ നുഴഞ്ഞു കയറാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം സർക്കാരിന് മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് തടയുന്നതിന് കേന്ദ്ര സർക്കാർ നൽകിയിട്ടുളള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനകം ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനം തടയുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) കേരളത്തിന്റെ തീരദേശങ്ങൾ സുരക്ഷിതമല്ലെന്ന വിവരം ലഭിച്ചിട്ടുണ്ട്.

(ബി) തീരദേശ മേഖലയിൽ പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും തന്ത്രപ്രധാന കേന്ദ്രങ്ങളുടെ സുരക്ഷ പുനരലവോകനം ചെയ്യാനും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(സി) & (ഡി) സംസ്ഥാന പോലീസിന്റെയും രഹസ്യാന്വേഷണ വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രഹസ്യാന്വേഷണ വിഭാഗത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നതും തീരപ്രദേശങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗ് നടത്തിവരുന്നതുമാണ്. തീവ്രവാദ സംഘടനകളുടെ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിന് സ്പെഷ്യൽ ബ്രാഞ്ച് വിഭാഗവും ലോക്കൽ പോലീസും കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ രഹസ്യാന്വേഷണ വിഭാഗത്തിൽ ഐ.ജി. ഇന്റേണൽ സെക്യൂരിറ്റി എന്ന തസ്തിക രൂപീകരിക്കുയും ഓരോ ജില്ലകളിലും പ്രത്യേക സെല്ലുകൾ രൂപീകരിക്കുകയും രഹസ്യാന്വേഷണ വിഭാഗം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

തീരദേശ സുരക്ഷ സംബന്ധിച്ച് നിലനിൽക്കുന്ന ഭീഷണിയെക്കുറിച്ച് തീരദേശങ്ങളിൽ നിലവിലുള്ള പോലീസ് സ്റ്റേഷനുകൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. സമുദ്രംവഴി ഇന്ത്യയുടെ തീരപ്രദേശങ്ങളിലേയ്ക്കുള്ള അനധികൃത കടന്നുകയറ്റവും കുറ്റകൃത്യപ്രവർത്തനങ്ങളും തടഞ്ഞുകൊണ്ട് രാജ്യത്തിന്റെ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന പോലീസ് സ്റ്റേഷനുകൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയ്ക്ക് ഇന്ത്യാ ഗവണ്മെന്റിന്റെ ആഭ്യന്തര മന്ത്രാലയം പ്രത്യേക ഊന്നൽ നൽകുകയും ഇത് ഉറപ്പു വരുത്തുന്നതിനായി കേരള സംസ്ഥാനത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി ഇന്ത്യാ ഗവണ്മെന്റ് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

*43 ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. രാജാജി മാത്യു തോമസ്
ശ്രീ. പി. തിലോത്തമൻ
ശ്രീ. പള്ളിപ്രം ബാലൻ
ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളുടെ നിയന്ത്രണം കേന്ദ്ര തൊഴിൽ മന്ത്രാലയത്തിനു കൈമാറണമെന്ന് നിർദ്ദേശമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ നിർദ്ദേശമുണ്ടായതെന്നാണെന്നു വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ നിയന്ത്രണം കൈമാറുന്നതു സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) നിയന്ത്രണം വിട്ടു കൊടുക്കുന്നതിനുണ്ടാകുന്ന കാലതാമസം എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇ. എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നു വ്യക്തമാക്കുമോ ?

**ഉത്തരം : ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) ഉണ്ട്. 9-6-2006-ലെ ഇ.എസ്.ഐ. കോർപ്പറേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിംഗ് ഡൽഹിയിൽ നടന്നപ്പോഴാണ് ഈ നിർദ്ദേശമുണ്ടായത്.

(ബി) & (സി) ഇത് സംബന്ധിച്ച വ്യവസ്ഥകൾ ഒന്നും തന്നെ സംസ്ഥാന ഗവണ്മെന്റിനെ അറിയിച്ചിട്ടില്ല. അറിയിക്കുന്ന മുറയ്ക്ക് ആലോചിച്ച് തീരുമാനിക്കേണ്ട വിഷയമാണിത്.

(ഡി) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളുടെ നവീകരണത്തിന്റെ ഭാഗമായി 12 ഇ.എസ്.ഐ. ആശുപത്രികളിലും കേടായ ആശുപത്രി ഉപകരണങ്ങൾ മാറ്റി പുതിയവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേടായ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനും 25,000/- രൂപയ്ക്ക് താഴെയുള്ളവ വാങ്ങുന്നതിനുമുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. എഴുകോൺ, ഉദ്യോഗമണ്ഡൽ, ഫറോക്ക് എന്നീ മൂന്നു ഇ.എസ്.ഐ. ആശുപത്രികളിലും എയിഡ്സ് ബാധിതരുടെ പരിശോധനയ്ക്കും മാർഗ്ഗനിർദ്ദേശത്തിനും വി.സി.ടി.സി.-കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 137 ഡിസ്പെൻസറികളിൽ 79 ഡിസ്പെൻസറികളിൽ മിനി ആട്ടോ ക്ലേവ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 1999-2000 സാമ്പത്തിക വർഷത്തിൽ ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിനത്തിൽ ചെലവഴിക്കാതിരുന്ന 80.33 ലക്ഷം രൂപ സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി ഇ.എസ്.ഐ. കോർപ്പറേഷൻ റിവോൾവിംഗ് ഫണ്ടിൽ ലഭ്യമാക്കുകയും അതുപയോഗിച്ച് എല്ലാ ആശുപത്രികളിലും കട്ടിലും കിടക്കകളും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആറു കിടക്കകളിലധികമുള്ള 7 ആശുപത്രി കെട്ടിടങ്ങൾ ഉദ്ദേശം 6 കോടി രൂപ മുടക്കി പുനരുദ്ധരിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്.

## ജയിലുകളിലെ ആഹാരവിതരണം

*44 ശ്രീ. മുരളി പെരുനെല്ലി
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. പി. കൃഷ്ണ പ്രസാദ്
ശ്രീ. സി. കെ. പി. പത്മനാഭൻ
ശ്രീ. വി. ശശികുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർക്ക് അനുവദിച്ചിട്ടുള്ള ആഹാരക്രമം എങ്ങനെയാണ്;

(ബി) ഡയറ്റ് റോളിൽ രേഖപ്പെടുത്തുന്ന ആഹാരം തടവുകാർക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ആഴ്ചയിൽ എത്ര രൂപയാണ് ഭക്ഷണത്തിനുവേണ്ടി ഒരു തടവുകാരന് അനുവദിച്ചിട്ടുള്ളത്;

(ഡി) ജയിലുകളിൽ നൽകുന്ന ആഹാര സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ;

(ഇ) ആഹാരവിതരണവുമായി ബന്ധപ്പെട്ട് വിവിധ ജയിലുകളിൽ വർഷങ്ങളായി നടന്നു വരുന്ന അഴിമതി അവസാനിപ്പിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാർക്ക് നൽകുന്ന ആഹാരക്രമം പ്രിസൺസ് റൂൾസ് 340 പ്രകാരം അനുവദിച്ചിട്ടുള്ള ഡയറ്റ് സ്കെയിൽ, ഭക്ഷണക്രമ പട്ടിക എന്നിവ അനുസരിച്ചാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. തടവുകാർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള തോതിലുള്ള ആഹാരം കൃത്യമായി ഡയറ്റ് റോളിൽ രേഖപ്പെടുത്തുകയും ആയത് കൃത്യമായി നൽകിവരികയും ചെയ്യുന്നു. കോടതികളിൽ ഹാജരാക്കുന്ന തടവുകാർക്ക് ബന്ധപ്പെട്ട കോടതികൾ ജാമ്യം അനുവദിക്കുകയോ, കേസ് വെറുതെ വിടുകയോ ചെയ്യുമ്പോൾ തടവുകാരെ പെട്ടെന്ന് വിടുതൽ ചെയ്യേണ്ടതായി വരുന്ന സന്ദർഭങ്ങളിൽ ഇവർക്ക് വേണ്ടിയുള്ള ആഹാരം ഡയറ്റ് റോളിൽ രേഖപ്പെടുത്തുകയും എന്നാൽ അവർക്ക് നൽകേണ്ടതായി വരാത്തതുമായ സന്ദർഭങ്ങളിൽ അവ തിരികെ സ്റ്റോക്കിൽ ചേർക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരള പ്രിസൺ റൂൾസ് 340 ആനുസരിച്ചും അനുവദിച്ചിട്ടുള്ള ഡയറ്റ് സ്കെയിൽ പ്രകാരമുള്ള നിശ്ചിത ഭക്ഷണക്രമമാണ് തടവുകാർക്ക് നൽകി വരുന്നത്. ആയതിനാൽ ആഴ്ചയിൽ ചെലവാകുന്ന നിശ്ചിത തുക ക്ലിപ്തപ്പെടുത്തിയിട്ടില്ല.

(ഡി) ജയിലുകളിൽ നൽകുന്ന ആഹാസസാധനങ്ങൾ തടവുകാർ അംഗങ്ങളായിട്ടുള്ള വെൽഫെയർ കമ്മിറ്റി പരിശോധിച്ച് അളവ് തൂക്കവും ഗുണനിലവാരവും പരിശോധിക്കുകയും ജയിൽ സൂപ്രണ്ട്, ജയിൽ മെഡിക്കൽ ആഫീസർ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ഇ) ആഹാരവിതരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള അഴിമതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## DIET SCALE FOR PRISONERS

(ഡയറ്റ് സ്കെയിൽ അനുബന്ധമായി അവയസാനം ചേർത്തിട്ടുണ്ട്)

തടവുകാരുടെ ഭക്ഷണ വിവരപ്പട്ടിക (മെനു)

| ദിവസം | പ്രാതൽ | ഉച്ചഭക്ഷണം | | അത്താഴം |
|---|---|---|---|---|
| ഞായർ | ചപ്പാത്തി (200 ഗ്രാം) ചമ്മന്തി, ചായ (30 എം.എൽ.പാൽ) | ചോറ് (250 ഗ്രാം) സാമ്പാർ, തൈര് | ചായ (30 എം.എൽ. പാൽ) | ചോറ് (200 ഗ്രാം), കപ്പ, പുഴുക്ക് (170 ഗ്രാം) ചെറുപയറ് കറി (85 ഗ്രാം) |
| തിങ്കൾ | ചപ്പാത്തി (200 ഗ്രാം) ചമ്മന്തി, ചായ (30 എം.എൽ. പാൽ) | ചോറ്, മീൻകറി (70 ഗ്രാം) തൈര് | ചായ | ചോറ്, ചേന, ഏത്തക്കായ്, പേയൻകായ് (312 ഗ്രാം) കടല (28 ഗ്രാം) എന്നിവയുടെ പുഴുക്ക് |
| ചൊവ്വ | ചപ്പാത്തി (200 ഗ്രാം) ചമ്മന്തി, ചായ (30 എം.എൽ.പാൽ) | ചോറ് (250 ഗ്രാം) സാമ്പാർ, തൈര് | ചായ | ചോറ്, കപ്പ, പുഴുക്ക്, ചെറുപയറ് കറി (85 ഗ്രാം) |
| ബുധൻ | ചപ്പാത്തി (200 ഗ്രാം) ചമ്മന്തി, ചായ (30 എം.എൽ.പാൽ) | ചോറ്, മീൻകറി (70 ഗ്രാം), തൈര് | ചായ | ചോറ്, ചേന, ഏത്തക്കായ്, പേയൻകായ് (312 ഗ്രാം) കടല (28 ഗ്രാം) എന്നിവയുടെ പുഴുക്ക് |
| വ്യാഴം | ചപ്പാത്തി (200 ഗ്രാം) ചമ്മന്തി, ചായ (30 എം.എൽ.പാൽ) | ചോറ് (250 ഗ്രാം) സാമ്പാർ, തൈര് | ചായ | ചോറ്, കപ്പ, പുഴുക്ക്, ചെറുപയർ കറി (85 ഗ്രാം) |
| വെള്ളി | ചപ്പാത്തി (200 ഗ്രാം) ചമ്മന്തി, ചായ (30 എം.എൽ.പാൽ) | ചോറ്, ചെറുപയർ, തൈര് | ചായ | ചോറ്, ചേന, ഏത്തക്കായ്, പേയൻകായ് (312 ഗ്രാം) കടല (28 ഗ്രാം) എന്നിവയുടെ പുഴുക്ക് |
| ശനി | ചപ്പാത്തി (200 ഗ്രാം) ചമ്മന്തി, ചായ (30 എം.എൽ.പാൽ) | ചോറ് (250 ഗ്രാം) സാമ്പാർ, തൈര് | ചായ | ചോറ്, ചേന, ഏത്തക്കായ് പേയൻകായ് (312 ഗ്രാം) കടല (28 ഗ്രാം)എന്നിവയുടെ പുഴുക്ക് |

മത്സ്യം, മട്ടൺ എന്നിവ കഴിക്കാത്ത തചടവുകാർക്ക് മത്സ്യദിവസം 350 ഗ്രാം പച്ചക്കറിയും മട്ടൺ ദിവസം 800 ഗ്രാം പച്ചക്കറിയും നൽകുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള പീഡനം

*45 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 28.2.2007 വരെ എത്ര പട്ടിക ജാതി സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഈ സംഭവങ്ങളോടനുബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ക്രൂരത തടയുന്നതു സംബന്ധിച്ച നിയമ പ്രകാരം എത്ര കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ദേഹ ഉപദ്രവം, ഗാർഹിക പീഢനം, ജാതിപ്പേര് പറഞ്ഞ് അധിക്ഷേപിക്കൽ, ബലാൽസംഗം തുടങ്ങിയുള്ള 117 സംഭവങ്ങൾ ഉണ്ട്.

(ബി) 101 എണ്ണം

## കെ. എസ്. ടി. പി. പദ്ധതിയുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ

*46 ശ്രീ. വി.എൻ. വാസവൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീമതി. ജെ. അരുന്ധതി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) കെ. എസ്. ടി. പി. പദ്ധതിയുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കരാറുകാരായ മലേഷ്യൻ കമ്പനി പണി നിർത്തിവയ്ക്കാനുള്ള കാരണങ്ങൾ എന്താണ്;

(സി) റോഡ് പദ്ധതി ടി ടെണ്ടർ ചെയ്യുന്നതിന് ലോക ബാങ്കിന്റെ അനുമതിയ്ക്കായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എം. സി. റോഡ് ഗതാഗത യോഗ്യമാക്കുന്നതിനായി ടെൻടർ നൽകിയിട്ടുണ്ടോ; ഇതിന്റെ ചെലവ് മലേഷ്യൻ കമ്പനിയിൽ നിന്നും ഈടാക്കുമോ;

(ഇ) എം. സി. റോഡ് വികസനത്തിനുള്ള കെ. എസ്. ടി. പി. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(എഫ്) അതിൽ ഇതിനകം എത്ര കോടി രൂപ ചെലവായി എന്ന് അറിയിക്കുമോ?

**ഉത്തരം : ശ്രീ. ടി.യു. കുരുവിള**
**(മരാമത്ത് വകുപ്പു മന്ത്രി)**

(എ) പണി വീണ്ടും ടെൻഡർ ചെയ്യാൻ തീരുമാനിച്ചു. ബാക്കി ചെയ്യേണ്ട പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ലോക ബാങ്കിന്റെ അംഗീകാരത്തോടുകൂടി ടെൻഡർ ചെയ്ത് നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

(ബി) യഥാസമയം സ്ഥലം എടുത്ത് കരാറുകാരന് വിട്ടുകൊടുക്കാത്തതാണ് പണി തീരാതിരിക്കാൻ കാരണമെന്ന് അവർ അറിയിച്ചു. എങ്കിലും കൈമാറ്റ സ്ഥലത്തെ പണി തീർക്കാത്തതിനാൽ എൽ.ഡി. ഈടാക്കുമെന്ന് സർക്കാർ അവരെ അറിയിക്കുകയും അപ്രകാരം തർക്കം വന്നതിനാൽ കരാറുകാർക്കുള്ള പേയ്മെന്റ് താമസിക്കുകയും കരാറുകാർ പണി നിർത്തിവയ്ക്കുന്നതായി നോട്ടീസ് നൽകുകയുമാണുണ്ടായത്.

(സി) റോഡ് പണി റീ-ടെൻഡർ ചെയ്യുന്നതിന് ലോക ബാങ്കിന്റെ അംഗീകാരത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) എം.സി. റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തിര അറ്റകുറ്റപ്പണിക്കുള്ള ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ ചെലവ് മലേഷ്യൻ കമ്പനിയിൽ നിന്ന് ഈടാക്കുന്നതാണ്.

(ഇ) എം.സി. റോഡിന്റെ വികസനത്തിന് 215.5 കോടി രൂപയാണ് കരാർ തുക.

(എഫ്) അതിൽ 124.02 കോടി രൂപ ഇതുവരെ ചെലവായി

## കലാപ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കാൻ നടപടി

*47 ശ്രീ. ജോർജ് എം. തോമസ്
ശ്രീ. എം. ചന്ദ്രൻ
'' സി.എം. ദിനേശ് മണി
'' എം. ഹംസ
'' കെ. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി കലാപം അഴിച്ചുവിടാൻ ഹിന്ദു, മുസ്ലീം തീവ്രവാദി സംഘടനകൾ ആസൂത്രിതമായി നീക്കം നടത്തുന്നതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(ബി) ഇത് തടയുന്നതിന് രഹസ്യാന്വേഷണ വിഭാഗം ശക്തിപ്പെടുത്തുന്നതിനും കലാപ സാധ്യതയുള്ള പ്രദേശങ്ങളിൽ കനത്ത സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) കലാപ സാധ്യതയുള്ള തീരപ്രദേശങ്ങളിൽ പോലീസ് സംവിധാനം ശക്തമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

### ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് വ്യാപകമായി കലാപം അഴിച്ചുവിടാൻ ഹിന്ദു മുസ്ലീം തീവ്രവാദികൾ ആസൂത്രിതമായി നീക്കം നടത്തുന്നതായി സർക്കാരിന് വിവരം ലഭിച്ചിട്ടില്ല.

(ബി) കലാപങ്ങൽ ഉണ്ടാകാതിരിക്കാൻ രഹസ്യാന്വേഷണ വിഭാഗങ്ങളെ ശക്തിപ്പെടുത്തുന്നതിനും കലാപസാദ്ധ്യതയുള്ള പ്രദേശങ്ങളിൽ മതിയായ സുരക്ഷാക്രമീകരണങ്ങളും മുൻകരുതലുകളും ഏർപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കലാപസാദ്ധ്യതയുള്ള തീരപ്രദേശങ്ങളിൽ പോലീസ് സംവിധാനം ശക്തിപ്പെടുത്താൻ വിപുലമായ നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ പോലീസ് സ്റ്റേഷനുകൾ, കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ എന്നിവ സ്ഥാപിക്കാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തി വരുന്നുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് രഹസ്യാന്വേഷണ വിഭാഗത്തെ ശക്തിപ്പെടുത്തുകയും കർശനമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ളതോടൊപ്പം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## പരസ്യ ബോർഡുകൾ സൃഷ്ടിക്കുന്ന ഗതാഗത തടസ്സം

*48 ശ്രീ.കെ.പി.മോഹനൻ
" ജോസ് തെറ്റയിൽ
" എം.കെ.പ്രേംനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) നാഷണൽ /സ്റ്റേറ്റ്ഹൈവേകളുടെയും എം.ജി. റോഡിന്റെയും പാർശ്വഭാഗങ്ങളിൽ പരസ്യ ബോർഡുകൾമൂലം സൃഷ്ടിക്കപ്പെടുന്ന ഗതാഗതതടസ്സം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഗതാഗതതടസ്സം ഒഴിവാക്കുന്നതിന് പരസ്യബോർഡുകൾ മാറ്റി സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ. ടി.യു. കുരുവിള
(മരാമത്ത് വകുപ്പു മന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിശദീകരണ കുറിപ്പ്**

നാഷണൽ/സ്റ്റേറ്റ് ഹൈവേകളുടെയും എം.ജി. റോഡിന്റെയും പാർശ്വഭാഗങ്ങളിൽ പലതരം പരസ്യ ബോർഡുകൾ യാതൊരു നിയന്ത്രണവും ഇല്ലാതെ സ്ഥാപിക്കാറുണ്ട്. പരസ്യബോർഡുകൾ സ്ഥാപിക്കുന്നത് കാരണം ഗതാഗത തടസ്സം മാത്രമല്ല അപകടവും ഉണ്ടാകാറുണ്ട്. തിരുവനന്തപുരം നഗരത്തിൽ ഒരു മരണംവരെ പരസ്യബോർഡ് നിലംപതിച്ചതു കാരണം സംഭവിച്ചിട്ടുണ്ട്. ഈ പരസ്യബോർഡുകൾ പലതും റോഡിന്റെ അതിർത്തിക്കപ്പുറം സ്ഥാപിക്കുന്നതുകൊണ്ട് മരാമത്തു വകുപ്പിന് നടപടി എടുക്കാൻ സാധിക്കുന്നില്ല. സംസ്ഥാന പാതയിലും പ്രധാന ജില്ലാ റോഡുകളിലും ഒരു പരസ്യബോർഡും സ്ഥാപിക്കാൻ പാടില്ല എന്നുള്ള നിയമം കൊണ്ടു വരേണ്ടതാണ്. ഇത്തരം പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തുക ഈടാക്കി അനുമതി നൽകാറുണ്ട്. ആയതിനാൽ ഇത്തരം പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നത് ഒഴിവാക്കുവാൻ നിയമനിർമ്മാണം നടത്തേണ്ടതുണ്ട്.

ദേശീയ പാതകളുടെ വക സ്ഥലത്ത് അനധികൃതമായി സ്ഥാപിക്കുന്ന എല്ലാവിധ പരസ്യ ബോർഡുകളും നീക്കം ചെയ്യുന്നതിന് സംസ്ഥാനത്തെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ചും കേന്ദ്ര ഗവണ്മെന്റിന്റെ Control of NH (Land & Traffic) Act അനുസരിച്ചും വിവിധ ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരസ്യ ബോർഡുകളും മറ്റു തടസ്സങ്ങളും ഒഴിവാക്കുന്നതിന് വേണ്ട സത്വര നടപടികൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു.

## കാപക്സ് ഭരണസമിതി

*49 ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) കാപക്സിന്റെ ഭരണം നടത്തുന്നത് ആരാണ്; ഇവിടെ ഡയറക്ടർ ബോർഡോ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ, എന്ത് സംവിധാനം ഉപയോഗിച്ചാണ് തോട്ടണ്ടി വാങ്ങുകയും പരിപ്പ് വില്ക്കുകയും ചെയ്തു വരുന്നത് എന്ന് വിശദമാക്കാമോ;

(സി) കാപ്പക്സിന് ഒരു ഭരണസമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

**ഉത്തരം : ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ), (ബി) & (സി) കാപ്പക്സിന്റെ നിലവിലുണ്ടായിരുന്ന ഭരണസമിതി 22.05.2006-ൽ രാജിവച്ചിരുന്നു. മുൻ ചെയർമാൻ രാജി വച്ചപ്പോൾ പകരം വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീമതി ജോ ആൻ ലോപ്പസിനെ ചെയർപേഴ്സണായി നിയമിച്ചിരുന്നു. ഇപ്പോൾ മാനേജിംഗ് ഡയറക്ടറാണ് ദൈനംദിന കാര്യങ്ങളിൽ തീരുമാനം എടുത്ത് പ്രവർത്തനം നടത്തുന്നത്. എം.ഡി. നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാറില്ല. 24.08.2006-ൽ കൂടിയ ബോർഡ് യോഗത്തിൽ ഉണ്ടാക്കിയ കരാർ പ്രകാരമാണ് ഇതുവരെ കാപ്പക്സ് തോട്ടണ്ടി വാങ്ങിയിരുന്നത്. 2007 സീസണിൽ തോട്ടണ്ടി വാങ്ങുന്നതിനായി പുതിയ ടെണ്ടർ വിളിച്ചിട്ടുണ്ട്. ഡടറക്ടർ ബോർഡ് നിലവിലുള്ളപ്പോഴും മാനേജിംഗ് ഡയറക്ടർ ആണ് അന്നന്നുള്ള മാർക്കറ്റ് നിലവാരമനുസരിച്ച് പരിപ്പ് വിൽപ്പന നടത്തുന്നതിന് തീരുമാനമെടുത്തിരുന്നത്. ആയതിനുശേഷം അംഗീകാരം വാങ്ങുകയുമാണ് ചെയ്യുന്നത്.

കാപ്പക്സിന് പുതിയ ഭരണസമിതി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

*50 ശ്രീ. എം. കെ. പ്രേംനാഥ്
ശ്രീ. എം.വി. ശ്രേയാംസ്കുമാർ
ശ്രീ. ജോസ് തെറ്റയിൽ
ശ്രീ. കെ. പി. മോഹനൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഫിഷറീസും രജിസ്ട്രേഷനും വകുപ്പു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമിയ്ക്ക് ഫെയർ വാല്യൂ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കയാണെന്ന് വിശദീകരിക്കുമോ;

(ബി) ഫെയർവാല്യൂ നിർബന്ധമാക്കിയ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഫെയർവാല്യൂ കർശനമാക്കാൻ എന്തൊക്കെ നടപടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ?

**ഉത്തരം : ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് സ്ഥലവില നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങളുണ്ട്. 1959-ലെ മുദ്രപത്ര നിയമം വകുപ്പ് 28 എ പ്രകാരവും അതിൻകീഴിൽ നിർമ്മിച്ച 1995-ലെ കേരള സ്റ്റാംപ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾസ് പ്രകാരവും അതാത് പ്രദേശത്തെ ആർ.ഡി.ഒ.-മാരാണ് ഓരോ വില്ലേജിലെയും സർവ്വെ നംപർ അടിസ്ഥാനത്തിൽ ഭൂമിക്ക് ന്യായവില നിശ്ചയിക്കുന്നത്. അതിനുള്ള മാനദണ്ഡങ്ങൾ 19.2.2004 തീയതിയിലെ ജി.ഒ.(പി) നംപർ 22/04/റ്റി.ഡി. പ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങൾ മുഖേന പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്ത് ഒരിടത്തും ഭൂമിക്ക് ഫെയർവാല്യൂ നിലവിലില്ല. ഫെയർ വാല്യൂ നിർണ്ണയിക്കുന്നതിനുള്ള ജോലികൾ സംസ്ഥാനത്തെ വിവിധ ആർ.ഡി.ഒ.-മാരുടെ തലത്തിൽ പുരോഗമിച്ചു വരുന്നു

(സി) കേരള മുദ്രപത്ര നിയമം 45 (എ) (3) വകുപ്പ് പ്രകാരം ഭൂമിയുടെ വില അല്ലെങ്കിൽ രേഖയിൽ കാണിച്ചിട്ടുള്ള പ്രതിഫലം ഭൂമിയുടെ ന്യായവിലയിൽ താഴെയാണെന്ന് രജിസ്റ്റർ ചെയ്യുന്ന ഓഫീസർ പരിശോധനയിൽ കാണുന്നപക്ഷം, അദ്ദേഹം ഉത്തരവുമൂലം, 28 എ വകുപ്പിൻകീഴിൽ നിശ്ചയിച്ചിട്ടുള്ള ഫെയൽ വാല്യൂവിന്റെ അടിസ്ഥാനത്തിൽ ഫെയർ വാല്യൂ അനുസരിച്ച് ശരിയായ സ്റ്റാംപ് ഡ്യൂട്ടി ആ ഉത്തരവിന്റെ തീയതി മുതൽ 7 ദിവസത്തിനകം അടയ്ക്കാൻ നിർദ്ദേശിക്കേണ്ടതും ആ കുറവ് വന്ന സ്റ്റാംപ് ഡ്യൂട്ടി അടച്ച് കഴിയുമ്പോൾ രേഖ രജിസ്റ്റർ ചെയ്യേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. അതിനാൽ ഫെയർ വാല്യൂ വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ ആ ഫെയർ വാല്യൂ കർശനമായും ആധാരത്തിൽ കാണിച്ച് രജിസ്റ്റർ ചെയ്യാൻ നിർബന്ധിക്കപ്പെടും.

## സൈബർ കുറ്റകൃത്യങ്ങൾ

*51 ശ്രീ. എം.എം.മോനായി.
,, എം.ഹംസ.
,, കെ.ടി.ജലിൽ.
,, മഞ്ഞളാംകുഴി അലി.
,, എ.പ്രദീപ് കുമാർ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ് ;

(സി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുളള പരാതി വിളിച്ചറിയിക്കുന്നതിനും ഇതു സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനും കോൾ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിന് പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ അധികാരപരിധിയുള്ള ഒരു സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങളും, ഹൈടെക് കുറ്റകൃത്യങ്ങളും അന്വേഷിക്കുന്നതിനുള്ള വിദഗ്ധ പരിശീലനം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു. സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി ഹൈടെക് സെൽ പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു.

(സി) നിലവിൽ കോൾ സെന്ററുകൾ ആരംഭിക്കാനുള്ള ഉദ്ദേശം ഇല്ല. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള പരാതികൾ പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈടെക് സെല്ലിൽ വിളിച്ചറിയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. (ടെലിഫോൺ നമ്പർ - 0471-2721547-262)

(ഡി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഇക്കാര്യം പരിശോധിക്കുന്നുണ്ട്.

## മത്സ്യവില്പനയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക്  പലിശരഹിത വായ്പ

*52 ശ്രീ. സി.കെ.സദാശിവൻ
,, കെ.വി.അബ്ദുൾഖാദർ
,, പി.പി.അബ്ദുള്ളക്കുട്ടി
,, എ.എം.ആരിഫ്
,, പി.വിശ്വൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ

(എ) അമിത പലിശക്കാരുടെ ചൂഷണത്തിൽ നിന്നും തീരപ്രദേശങ്ങളിൽ മത്സ്യവില്പന നടത്തുന്ന സ്ത്രീകളെ രക്ഷിക്കാൻ വേണ്ടി അവർക്ക് പലിശ രഹിത വായ്പ നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) എത്ര പേർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഏത് സ്ഥാപനത്തിന്റെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ;

(ഡി) എത്ര കോടി രൂപ ഇതിനായി നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

**ഉത്തരം : ശ്രീ. എസ്. ശർമ്മ**
**(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) അമിത പലിശക്കാരുടെ ചൂഷണത്തിൽ നിന്നും, മത്സ്യത്തൊഴിലാളി സ്ത്രീകളെ സഹായിക്കുന്നതിനായി 5000/- രൂപ പ്രവർത്തന മൂലധനം വായ്പയായി നല്കുന്നതിനുള്ള ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചുവരുന്നു.  100 രൂപ വീതമുള്ള 50 തവണകളായി വായ്പ തിരിച്ചടക്കണമെന്നാണ് വ്യവസ്ഥ.

(ബി) 40,000/- വനിതകൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഫിഷറീസ് വകുപ്പിന്റെ കീഴിൽ സാഫ് (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ) ന്റെ മേൽനോട്ടത്തിൽ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്

(ഡി) 20 കോടി രൂപയുടെ സഹായ പദ്ധതിയാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്.

## സർക്കാറിന്റെ മദ്യനയം

*53 ശ്രീ. പി. ജയരാജൻ
,, വി. എൻ വാസവൻ
,, സി.എച്ച്. കുഞ്ഞമ്പൂ
,, മഞ്ഞളാംകുഴി അലി
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സർക്കാറിന്റെ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പ്രഖ്യാപിക്കുമെന്ന് അറിയിക്കുമോ;

(ബി) മദ്യനയത്തിൽ വരുത്താൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) പൂട്ടികിടക്കുന്ന കള്ളുഷാപ്പുകൾ തുറക്കുന്നതു സംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വ്യാജവാറ്റും സ്പിരിറ്റ് കള്ളക്കടത്തും തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**ഉത്തരം : ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) സർക്കാർ പുറപ്പെടുവിച്ച പുതിയ മദ്യനയം ഉൾക്കൊള്ളുന്ന ഉത്തരവിന്റെ പകർപ്പ് അടക്കം ചെയ്യുന്നു.
(അനുബന്ധം അവസാനമായി ചേർത്തിട്ടുണ്ട്)

(സി) ഉണ്ട്. പുതിയ മദ്യനയത്തിന്റെ ഉത്തരവിൽ ലഭ്യമാണ്

(ഡി) വ്യാജ മദ്യവിപണനവും സ്പിരിറ്റ് കള്ളക്കടത്തും തടയുന്നതിന് നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിനായുള്ള ജനകീയ സമിതികൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള വിവരങ്ങൾ നിർബാധം ലഭിക്കുന്നതിന് കേരള അബ്ക്കാരി (ഗ്രാന്റ് ഒഫ് റിവാർഡ്സ്) റൂൾസ് 1975 ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു. നിരന്തരം റെയ്ഡുകൾ നടത്തിയും ചെക്കു പോസ്റ്റുകൾ ശക്തിപ്പെടുത്തി വാഹന പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്.

## ശിക്ഷാകാലാവധി കഴിഞ്ഞ ജയിലിലെ തടവുകാർ

*54 ശ്രീ. ബാബു പ്രസാദ്
,, എം. എ. വാഹീദ്
,, എ. പി. അനിൽകുമാർ
,, അടൂർ പ്രകാശ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി** സദയം മറുപടി നൽകുമോ:

(എ) ശിക്ഷാകാലാവധി കഴിഞ്ഞിട്ടും ജയിലിൽ കഴിയുന്ന ആരെങ്കിലുമുണ്ടോ ; എങ്കിൽ എത്ര പേർ ;

(ബി ശിക്ഷാകാലാവധി കഴിഞ്ഞിട്ടും അവർ ജയിലിൽ കിടക്കാൻ ഇടയായ സാഹചര്യം വെളിപ്പെടുത്തുമോ?

**ഉത്തരം : ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഇല്ല.

(ബി ബാധകമല്ല.

## എം.സി.റോഡ് പണിയുടെ പുരോഗതി

*55 ശ്രീ. ജോസഫ്. എം. പുതുശ്ശേരി
ശ്രീ. തോമസ് ചാഴികാടൻ
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡ് ഒന്നാം ഘട്ടം വെഞ്ഞാറമൂട് - ചെങ്ങന്നൂർ -91 കി.മീ.) പണി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) രണ്ടാം ഘട്ടം (ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെ) പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(സി) രണ്ടാം ഘട്ടം നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ടോ;

(ഡി) ഇതിന് എത്ര കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(എഫ്) മൂന്നാം ഘട്ടം (ഏറ്റുമാനൂർ-മൂവാറ്റുപുഴ) നിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്നറിയിക്കാമോ ?

**ഉത്തരം : ശ്രീ. ടി.യു. കുരുവിള**
**(മരാമത്ത് വകുപ്പു മന്ത്രി)**

(എ) എം.സി. റോഡ് (വെഞ്ഞാറമൂട് - ചെങ്ങന്നൂർ) കോൺട്രാക്ടർ പതിബെൽ പണി നിർത്തിവച്ചു. ബാക്കി പണിയാനുള്ള എസ്റ്റിമേറ്റ് എടുത്തു.

(ബി) ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെ സ്ഥലമെടുപ്പു നടക്കുന്നതയേയുള്ളു. അതിനു ശേഷമേ ടെൻഡർ നടപടികൾ തുടങ്ങാനാകൂ.

(സി) രണ്ടാം ഘട്ടം നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായി വരുന്നു.

(ഡി) ഇതിന് ഏകദേശം 118.7 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ടെൻഡർ ചെയ്ത് പണി കോൺട്രാക്ടറെ ഏൽപ്പിച്ചാൽ പണി പൂർത്തീകരിക്കാൻ രണ്ടു വർഷം എടുക്കും.

(എഫ്) (ഏറ്റുമാനൂർ-മൂവാറ്റുപുഴ) ഭാഗത്തിന്റെയും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല. സ്ഥലമെടുപ്പ് പൂർത്തിയായ ഭാഗത്തെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്

## കള്ളപ്പണവും കള്ളനോട്ടും

*56 ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ.കെ. ജയചന്ദ്രൻ
,, സി.എച്ച്. കുഞ്ഞമ്പു
,, ടി.പി. കുഞ്ഞുണ്ണി
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് മേഖലയിൽ കള്ളപ്പണവും കള്ളനോട്ടും വൻ തോതിൽ പ്രവഹിക്കുന്നതായി സർക്കാറിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഏതെല്ലാം പ്രദേശങ്ങളിലാണ് ഇപ്രകാരം ഭൂമി ഇടപാടുകൾ നടന്നിട്ടുള്ളത്;

(സി) കേരളത്തിൽ വിദേശ നിർമ്മിത കള്ളനോട്ടുകൾ പ്രചരിക്കുന്നതായ വാർത്തകൾ സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച അന്വേഷണത്തിൽ ഇപ്രകാരമുള്ള കള്ള നോട്ടുകൾ പിടിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് മേഖലയിൽ കള്ളപ്പണവും കള്ളനോട്ടും വൻ തോതിൽ പ്രവഹിക്കുന്നതായി സർക്കാറിന് വിവരം ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) കേരളത്തിൽ വിദേശ നിർമ്മിത കള്ളനോട്ടുകൾ പ്രചരിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

## ജയിലിലെ അഴിമതി

*57 ശ്രീ. ജോർജ് മേഴ്സിയർ
ശ്രീ. എം.എ. വാഹീദ്
ശ്രീ. വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) കോടതി ശിക്ഷയെ തുടർന്ന് തിരുവനന്തപുരം ജില്ലാ ജയിലിലെത്തുന്നവരോട് ജയിൽ ജീവനക്കാർ കൈക്കൂലി വാങ്ങുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ ഉള്ളടക്കം എന്തെന്ന് വിശദീകരിക്കുമോ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) കോടതി ശിക്ഷയെ തുടർന്ന് തിരുവനന്തപുരം ജില്ലാജയിലിലെത്തുന്നവരോട് ജയിൽ ജീവനക്കാർ കൈക്കൂലി വാങ്ങുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ജയിൽ ഡി.ജി.പി. വകുപ്പുതല പ്രാഥമികാന്വേഷണം നടത്തുകയും, പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ട നാല് ജീവനക്കാരെ സസ്പെന്റ് ചെയ്യുകയും പത്ത് ജീവനക്കാരെ സ്ഥലം മാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേകമായ അന്വേഷണം നടത്തിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

## ചാരായ നിരോധനം പിൻവലിക്കൽ

*58 ശ്രീ. ബാബു പോൾ
ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ. എൻ. രാജൻ
ശ്രീ. പള്ളിപ്രം ബാലൻ
ശ്രീമതി ഇ. എസ്. ബിജി മോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് ഏർപ്പെടുത്തിയ ചാരായ നിരോധനം തികഞ്ഞ പരാജയമാണെന്നു കരുതുന്നുണ്ടോ ; ഇതുമൂലമുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വ്യാജ മദ്യലോബികളുടെ കടന്നുകയറ്റവും അതുമൂലമുണ്ടാകുന്ന സാമൂഹ്യ പ്രശ്നങ്ങളും തടയുന്നതിന് ചാരായ നിരോധനം പിൻവലിയ്ക്കേണ്ടത് ആവശ്യമുണ്ടോ ;

(സി) എങ്കിൽ ചാരായം നിരോധനം പിൻവലിയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

**ഉത്തരം : ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) ചാരായ നിരോധനം ഏർപ്പെടുത്തിയത് പരാജയമാണെന്നും വിജയമാണെന്നും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഗവൺമെന്റ് അത് പൂർണ്ണ അളവിൽ വിലയിരുത്തിയിട്ടില്ല.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ടൂറിസം പദ്ധതികൾ

*59 ശ്രീ.കെ. സി. രാജഗോപാലൻ
,, കെ. കുഞ്ഞിരാമൻ
,, എം.എം. മോനായി
,, എം. പ്രകാശൻമാസ്റ്റർ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് ഈ സർക്കാരിന് കൈവരിക്കാനായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ടൂറിസം രംഗത്ത് പുതുതായി ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണ്;

(സി) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള ടൂറിസം പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) ഇവയിൽ അംഗീകാരം ലഭിച്ചവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) 2006-ൽ ടൂറിസം മേഖലയിൽ വിദേശികളും സ്വദേശികളുമായ സഞ്ചാരികളുടെ എണ്ണത്തിൽ വൻ വർദ്ധനയുണ്ടായി. വിവിധ ദേശീയ അന്തർദേശീയ അവാർഡുകളും കേരള ടൂറിസത്തിന് ലഭിച്ചു. കേരളത്തിലുടനീളം വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം തന്നെ മലബാർ മേഖലക്ക് പ്രത്യേക പ്രാധാന്യം നൽകി വികസിപ്പിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. കേന്ദ്രസഹായം പരമാവധി നേടിയെടുക്കാനുള്ള പദ്ധതികൾ സമർപ്പിക്കുകയും നേടിയെടുക്കുകയും ചെയ്തു. സ്വകാര്യ സംരംഭകരെ സഹായിക്കുന്നതിനായി നിരവധി നടപടികൾ എടുത്തുവരുന്നു.

(ബി) അനുബന്ധം - എ - യിൽ ചേർത്തിരിക്കുന്നു

(സി) അനുബന്ധം - ബി - യിൽ ചേർത്തിരിക്കുന്നു

(ഡി) അനുബന്ധം - സി - യിൽ ചേർത്തിരിക്കുന്നു

(അനുബന്ധം എ മുതൽ സി വരെ ഇതേ ദിവസത്തെ ഉത്തരത്തോടെപ്പം ചേർത്തിരിക്കുന്നത് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്)

## കൊല ചെയ്യപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാർ

*60 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 28-2-2007 വരെ എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർ കൊല്ലപ്പെട്ടിട്ടുണ്ട്;

(ബി) ഈ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ദേഹോപദ്രവം ഏൽപ്പിക്കപ്പെട്ട എത്ര സംഭവങ്ങളുണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

**ഉത്തരം : ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) 16

(ബി) 222

44 (6)

Bommimmo

# DIET SCALE FOR PRISONERS

| | Evening | Noon | Morning | CUFEPUSA |
|---|---|---|---|---|
| Rice | 200gm. | 250gm | wheat- 200gm | Milk-280 ml.day |
| Onion | 7+7 | 14gm. | | Tea- 14gm. |
| Tamarind | | 7gm | | Sugar- 28gm |
| Chillies | 9gm | | | |
| Coriander | 4gm | Total 15gm curry powder | | |
| Turmeric | 2gm | | | |
| Coconut | 14+14*14 | 42gm | | |
| Salt | 14+14+14 | 42gm | | |
| Cocoxnu oil/ (Palm Oil) | 6+6 | 12gm | | |
| Mustard | 259ml per day | | | |
| Cummon seed | 194 ml. | | | |
| Green gram | 57gm all friday ... | | | |
| Green gram | 85gm all sampar days | | | |
| Dhall | 14gm all sampar days | | | |
| Asafoidin | 220ml per day | | | |
| Pepper | 220ml " | | | |
| Garlic | 440ml " | | | |
| Uluva | 65ml " | | | |
| Sugar | 12+12 | 24 gm per day | | |
| Tea | 3+3gm | 6gm per day | | |
| Milk | 30+30 | 60ml | | |

Monday - fish - Puzhuk
Tuesday - Sampar - Kappa
Wednesday - fish- Puzhuk
Thursday - Sampar- Kappa.
friday - payar - puzhuk
Sunday - Sampar - Kappa.
Saturday- Meat - Puzhuk

Bathing oil 57gm each per week of men
Bathing oil 12gm all days for femals

Bengal gram 28gm. all puzhuk day.
Curd 55ml. all days
Firewood 250+300+250(100gm Morning and 100gm evening tea)
Tapioca 170gm all sambar days (fresh Tapioca 340gm)
Pottatos 57gm all mutton days
Large vegitable 70gm
Small vegitable 70gm — Total 14o gm all sambar days.
Large vegitable - 312 gm puzhuk days
fish - 70gm = 350 gm
Mutton - 71gm 500gm LV + 300 gm = 800 gm
~~Bathing Oil~~ - 57gm
Bathing Oil

**GOVERNMENT OF KERALA**

**Abstract**

**Taxes Department – Excise – *Abkari Policy* for the year 2007- 08 – Orders issued.**

**Taxes (G) Department**

**G.O. (MS) No.34/07/TD. Dated, Thiruvananthapuram, 01-03 -2007.**

## ORDER

Government is fully committed to discourage *alcohol* consumption as it leads to serious *social* problems. Creation of awareness against liquor consumption is considered to be crucial to the overall achievement of this policy. Stringent action will be initiated against illicit liquor trade in the state. Enforcement will be strengthened with popular *committees* to have uninterrupted flow of *information* to check all liquor related menace. To have meaningful results in this direction, Government will reconstitute committees with inclusion of trade unions, political parties and other NGOs working in the field of prohibition.

Government is *committed* to ensure supply of quality toddy through toddy shops. All toddy shops will be maintained clean and hygienic. Production and distribution of [illegible] toddy is under active consideration.

Government *consider* it necessary to restore cancelled toddy shops as toddy sector is job oriented traditional industry. Government will give effect to the main recommendations of the committee which had gone in to the details of problems faced by Toddy Sector.

Government are pleased to announce the Abkari Policy for the Year 2007-08 as detailed below:-

1. Toddy shops will be disposed in groups consisting of 5 to 7 shops by licensing system. Unsold shops will be sold in Range/Taluk wise. Toddy shops as *decided* by the *Government*, will be entrusted to Co-*operative* societies as well.
2. Government will ensure that the licenced shop will have minimum hygienic conditions.

3 In order to provide infra-structural facilities in toddy shops, the prospects of formation of societies under the charitable societies Act with the representatives from workers Co-operative societies, Toddy Workers Welfare Fund Board and Government for the purpose of undertaking building construction will be considered. Funds required for this purpose may be made available from toddy Workers Welfare Fund Board .

4. Government is committed to provide quality toddy through toddy shops. Government will encourage co-operative societies in Toddy sector. Toddy being traditional industry, individuals, individual groups, workers Committee and co-operatives will be given sufficient priority to run the Toddy shops. Formation of Apex Society will also be considered.

5. All the toddy shops which were cancelled during 2002 - 03 will be restored. The employees who were attached to the cancelled shops will be re-allotted in the restored toddy shops. Licence fee for the [illegible] toddy shops will be [illegible] by 10% from the existing rate. The [illegible] rate will apply to restored shops as well. [illegible] While selling the toddy shops preference will be given to those licensees who have conducted toddy shops during the preceding three years. The licensees implicated in Abkari cases and subsequently exonerated by the courts will also be given preference.

6. No one will be considered if Abkari offences other than under Section 56 of the Abkari Act is registered.

7. In order to ensure prompt payment of Government dues, welfare fund and wages of employees sufficient Bank guarantee/Solvency by way of Treasury Savings deposits will be insisted except co-operative societies and workers committees.

8. Minimum number of trees earmarked for tapping toddy for each shop will be as follows.

| | | |
|---|---|---|
| coconut trees | -- | 50 |
| Palmyrah | -- | 100 |
| Choonda Pana trees | - | 25 |

9. An expert committee will be set up, to study and report changes required in the Abkari Act. Committee will submit its report within 6 months to Government to take further action.
10. Excise Dept will be modernised and strengthened in a phased manner.
11. Government will explore the possibility of distribution of Sweet Toddy through Workers Co operative Societies.
12. All the 418 FL3 bar hotels which are not having 2 star status will be regularised.
13. Rule 24 of the Foreign Liquor Rules will be amended suitably so as to allow shifting of bar hotels to a new premises only if the proposed hotel is provided with 3 star classification and above issued by Department of Tourism, Government of India. Fee for such transfer of licence will be increased from Rs.10,000 to Rs. 2, 00,000.
14. As per Rule 19 of Kerala Foreign Liquor Rules, fee for Reconstitution of partnership deed will be increased from Rs.10,000 to Rs. 50,000. There will be a condition that reconstituting bar hotels will have minimum 2 star classification issued by the Tourism Department, Government of India.
15. The licence fee of FL3 bars will be enhanced from Rs. 18 lakhs to Rs.22 lakhs.
16. The rental of FL1 shops will be enhanced from Rs.51.27 lakhs to Rs.63 lakhs (Rupees sixty three lakhs).
17. The rental of FL11 shops will be enhanced from Rs. 3 lakhs to Rs. 4 lakhs.
18. The rental of FL4 A will be enhanced from Rs. 5 lakhs to Rs. 6 lakhs.
19. In order to ensure speedy disposal of pending Abkari cases and to enhance revenue to Government, Abkari Offences will be compounded by classifying them as major and minor offences. Abkari Offences involving arrack above 25 litres, wash above 100 litres and duty paid IMFL above 50 litres will be treated as major

offences. Abkari offences involving lesser quantities will be treated as minor offences. All offences involving spirit and illicit Foreign Liquor will not be compounded. All offences registered under section 56 of Abkari Act also will be compounded. Minor offences will be compounded by realisation of Rs. 10,000 from each accused.

20.The fine imposed for violation, by way of reconstitution/alteration/ modification without permission of Excise Commissioner of any deed on the strength of which any licence is granted will be enhanced from Rs. 25,000 to Rs. 5 lakhs.

21. Excise duty is revised as follows:-

| | |
|---|---|
| 1) Rs.235 and above but below Rs. 250 - | 14.5% of the value of a case of liquor per proof litre subject to the minimum of Rs.34.5 |
| 2) Rs.250 and above but below Rs. 300 - | 15.5% of the value of a case of liquor per proof litre subject to the minimum of Rs.40. |
| 3) Rs.300 and above but below Rs. 400 - | 16% of the value of a case of liquor per proof litre subject to the minimum of Rs.53. |
| 4) Rs.400 and above but below Rs.500 [illegible] | 16% of the value of a case of liquor per proof litre subject to the minimum of Rs.66. |
| 5) Rs.500 and above but below Rs.1000 | 16% of the value of a case of liquor per proof litre subject to the minimum of Rs.80. |
| 6) Rs.1000 and above | 16% of the value of a case of liquor per proof litre subject to the maximum of Rs.165. |

22. Heritage Hotels classified by Ministry of Tourism, Government of India will be eligible for FL 11 licences. Single and two Star hotels functioning at Tourist Centres approved by Taxes Department will

also be eligible for FL 11 licences. In addition to the existing 8 tourist centres, Cherai in Ernakulam and Athirappilly in Thrissur will also be included in the list of tourist centres for issuing FL11 licence.

23. The distance rule for Heritage Hotels classified by Ministry of Tourism, Government of India will be 50 meters as in the case of 4 star and 5 star hotels.

24. The fee for various licences issued under the distillery and Warehouse Rules, Foreign Liquor compounding, Blending and Bottling Rules and Brewery Rules will be enhanced as detailed below.

| | |
|---|---|
| Distillery and Warehouse Rules | Form I, II & III From Rs. 1 lakh to Rs.2 lakhs.<br>Form IV From Rs.25000 to Rs. 50000. |
| Foreign Liquor Compounding, Blending and Bottling Rules | Form I Rs. 1 lakh to Rs. 2 lakhs<br>Form II From Rs.50000 to Rs.2 lakh<br>Form IV From Rs.50000 to Rs.1 lakh |
| Brewery Rules | Form II From Rs.1 lakh to Rs.2 lakhs<br>Form II A From Rs.50000 to Rs.1 lakh |

25. The power to issue FL 6 licence will be delegated to the Excise Commissioner. The fee for the same will be enhanced from Rs.10000 to Rs. 15000.

26. Government will take steps for the Production of Foreign liquor in the Public Sector, and its sale through Kerala State Beverages Corporation outlets.

By order of the Governor,

P. MARA PANDIYAN
Secretary to Government

To

The Commissioner of Excise, Thiruvananthapuram.
The Managing Director, Kerala State Beverages Corporation.

The General Administration (SC) Department – vide item No. 827 dated, 28-02-07
The Taxes (A) & (F) Department.
The Director of Public Relations Dept. (For giving publicity.)
The AG(A&E/Audit), Kerala, Thiruvananthapuram
Stock File/ Office copy

Copy to:-

The Private Secretary to Chief Minister.
The Private Secretary to Minister (Labour & Excise)
The Personal Assistant to Secretary (Taxes).

Forwarded/By Order

Section Officer

Section officer

The General Administration (SC) Department – vide item No. 827 dated, 28-02-07
The Taxes (A) & (F) Department.
The Director of Public Relations Dept. (For giving publicity.)
The AG(A&E/Audit), Kerala, Thiruvananthapuram
Stock File/ Office copy

Copy to:-

The Private Secretary to Chief Minister.
The Private Secretary to Minister (Labour & Excise)
The Personal Assistant to Secretary (Taxes).

Forwarded/By Order

Section Officer

Section officer